നാറ്റോ 75ൽ

നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ അഥവാ നാറ്റോ(എൻ.എ.ടി.ഒ) സൈനികസഖ്യം നിലവിൽ വന്നിട്ട് ഇന്നേക്ക് 75 വർഷം. 1949 ഏപ്രിൽ നാലിന് 12 സ്ഥാപകാംഗ രാജ്യങ്ങൾ വാഷിങ്ടൺ ഡിസിയിൽ ഉടമ്പടിയിൽ ഒപ്പുവെച്ചു. ആഗസ്റ്റ് 24ന് സഖ്യം പ്രവർത്തനമാരംഭിച്ചു. ബെൽജിയത്തിലെ ബ്രസൽസാണ് ആസ്ഥാനം. ബാഹ്യ ശക്തികളുടെ ആക്രമണം അംഗരാഷ്ട്രങ്ങൾ ഒരുമിച്ച് പ്രതിരോധിക്കുകയാണ് സഖ്യത്തിന്റെ പ്രധാന ലക്ഷ്യം.

നാട്ടുവിശേഷം

സ്പോട്ട് അഡ്മിഷൻ

പെരിയ: പെരിയ ഡോ. അംബേദ്കർ ആർട്സ് ആൻഡ് സയൻസ് കോളജിൽ എം.കോം (ഫിനാൻസ്), എം.എ (ഇംഗ്ലീഷ്), ബി.കോം, ബി.എ (ഹിസ്റ്ററി) എന്നീ വിഷയങ്ങളിൽ ഒഴിവുള്ള സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 27ന് പെരിയ അഡ്മിനിസ്ട്രേറ്റിവ് ഓഫിസിൽ നടത്തും.

സീറ്റ് ആവശ്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകുക. ഫോൺ: 9947567131.

മോട്ടോർ മോഷണം പോയി

കാഞ്ഞങ്ങാട്: പൊതു കുളക്കരയിൽ സ്ഥാപിച്ചിരുന്ന ഒന്നരലക്ഷം രൂപ വില വരുന്ന മോട്ടോർ മോഷണം പോയി.

പരപ്പകൊട്ടമടലിലെ പൊതു കുളക്കരയിൽ സ്ഥാപിച്ചിരുന്ന ആവുള്ളക്കോട് ശുദ്ധജല വിതരണ സമിതിയുടെ ഉടമസ്ഥതയിലുള്ള ഡെക്കാൻ കമ്പനിയുടെ 10 എച്ച്.പിയുടെ മോട്ടോറാണ് മോഷണം പോയത്. സെക്രട്ടറി കെ. എസ്. രവീന്ദ്രന്റെ പരാതിയിൽ വെള്ളരിക്കുണ്ട് പൊലീസ് കേസെടുത്ത് അന്വേഷണമാരംഭിച്ചു.

പ്രവാസിയിൽനിന്ന് ആറുലക്ഷം രൂപ വാങ്ങി വഞ്ചിച്ചതായി കേസ്

കാഞ്ഞങ്ങാട്: കെട്ടിടനിർമാണ സാമഗ്രികളുടെ കമ്പനി തുടങ്ങാമെന്ന് പറഞ്ഞ് പ്രവാസി യുവാവിൽനിന്ന് ആറു ലക്ഷം രൂപ വാങ്ങി വഞ്ചിച്ചതായി പരാതി. സംഭവവുമായി ബന്ധപ്പെട്ട് ഭീമനടി പെരുമ്പട്ട മണക്കാട്ട് തെക്കേ പീടികയിൽ എം. ടി.പി. അഷ്റഫിനെതിരെ (31) ചിറ്റാരിക്കാൽ പൊലീസ് കേസെടുത്തു.

വടകര ചേറോട് വിളമ്പിലക്കണ്ടി മീത്തലെ വീട്ടിൽ ഗിരിജന്റെ പരാതിയിലാണ് കേസ്. ഗിരിജന്റെ മകൻ അഭിജിത്തിൽ നിന്ന് ദുബൈയിൽ വെച്ചാണ് അഷറഫ് പണം വാങ്ങിയത്. എന്നാൽ, നിർമാണ സാമഗ്രി കമ്പനി തുടങ്ങാതെയും വാങ്ങിയ പണം തിരിച്ചുനൽകാതെയും വഞ്ചിച്ചതിനെ തുടർന്നാണ് മകനുവേണ്ടി പിതാവ് പരാതി നൽകിയത്. അഷ്റഫിന്റെ പേരിൽ കേസെടുത്തു.

അഴിമതിഭരണം അവസാനിപ്പിക്കുക

യു.ഡി.എഫ് ബഹുജന മാർച്ച്

കാസർകോട്: മധൂർ പഞ്ചായത്ത് ഭരണസമിതിയുടെ അഴിമതിക്കെതിരെ യു.ഡി.എഫ് ബഹുജന മാർച്ച് നടത്തി.

നടപ്പിലാക്കിയ പദ്ധതികളെല്ലാം അഴിമതി നിറഞ്ഞതാണെന്നും ബി. ജെ.പി നേതൃത്വം ഭരണസമിതി രാജിവെക്കണമെന്ന് ആവശ്യപ്പെട്ടും നിരവധി പരാതികൾ വിജിലൻസിന് യു.ഡി.എഫ് നേതൃത്വം നൽകിയിട്ടും അന്വേഷണം നടത്തി നടപടി സ്വീകരിക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ചുമാണ് യു.ഡി.എഫ് മധൂർ പഞ്ചായത്ത് കമ്മിറ്റി ഗ്രാമപഞ്ചായത്ത് ഓഫിസിലേക്ക് മാർച്ച് നടത്തി.

ജില്ല ചെയർമാൻ കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ചെയർമാൻ ഹാരിസ് ചൂരി അധ്യക്ഷതവഹിച്ചു.

ജന. കൺവീനർ പി.പി. സുമിത്രൻ സ്വാഗതം പറഞ്ഞു. സാജിദ് മൗവ്വൽ മുഖ്യപ്രഭാഷണം നടത്തി. ടി.എം. ഇഖ്ബാൽ, രാജീവൻ നമ്പ്യാർ, അഡ്വ. ഷംസുദ്ദീൻ, മജീദ് പട്ള, ഹബീബ്, സൈമ, ജാസ്മിൻ, കബീർ ചെർക്കളം, ജമീല അഹമ്മദ് തുടങ്ങിയവർ നേതൃത്വം നൽകി.

യു.ഡി.എഫ് മധൂർ പഞ്ചായത്ത് ഓഫിസിലേക്ക് നടത്തിയ മാർച്ച് ജില്ല ചെയർമാൻ കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു

അഷ്ഫാഖിനുള്ള ഇലക്ട്രിക് സൈക്കിൾ നടൻ പി.പി. കുഞ്ഞികൃഷ്ണൻ പ്രധാനാധ്യാപകൻ വി.കെ.പി. അബ്ദുൽ ജബ്ബാറിന് കൈമാറുന്നു

അഷ്ഫാഖിന്റെ ജീവിതയാത്രക്ക് ഇനി ഗതിവേഗം

തൃക്കരിപ്പൂർ: അധ്യാപകരും പൂർവവിദ്യാർഥികളും ഒരുമിച്ചപ്പോൾ ഒരു വണ്ടിക്കായുള്ള അഷ്ഫാഖിന്റെ കാത്തിരിപ്പിന് വിരാമം. ഇളമ്പച്ചി ഗുരു ചന്തുപ്പണിക്കർ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഒമ്പതാം ക്ലാസ് വിദ്യാർഥി അഷ്ഫാഖ് പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർഥിയാണ്.

മുച്ചക്ര സൈക്കിളിൽ വളരെ പ്രയാസപ്പെട്ട് സ്കൂളിലെത്തുന്ന അഷ്ഫാഖിന്റെ നീണ്ടകാലത്തെ ആഗ്രഹമാണ് സ്വന്തമായൊരു ഇലക്ട്രിക് സൈക്കിൾ. തന്റെ ആഗ്രഹം പലപ്പോഴായി അവൻ സ്പെഷൽ എജുക്കേറ്ററായ ഷാനിബയോടും പറഞ്ഞിട്ടുണ്ട്. ഷാനിബയാണ് വിവരം സ്കൂൾ സ്റ്റാഫ് സെക്രട്ടറി ടി.എം.വി. മുരളീധരനോട് പറഞ്ഞത്.

അദ്ദേഹം സ്കൂളിലെ പൂർവവിദ്യാർഥിയായ പി. പ്രസാദിനോട് പറയുകയും അദ്ദേഹത്തിന്റെ 1994 എസ്.എസ്.എൽ.സി ബാച്ച് കൂട്ടായ്മ സഹായവുമായി മുന്നോട്ടുവരുകയും ചെയ്തു. നടൻ പി.പി. കുഞ്ഞികൃഷ്ണൻ ഹെഡ്മാസ്റ്റർ വി.കെ.പി. അബ്ദുൽ ജബ്ബാറിന് സൈക്കിൾ കൈമാറി. കെ.പി. കമലാക്ഷൻ, അഡ്വ. എസ്.എൻ. സരിത, എം. മനു, മുഹമ്മദ് അക്രം, ടി.എം.വി. മുരളീധരൻ, ഇ.വി. ഗണേശൻ, കെ. രവി, ടി.വി. വിനോദ് കുമാർ എന്നിവർ സംബന്ധിച്ചു.

കഞ്ചാവ് കടത്ത്: രണ്ടു വർഷം കഠിനതടവ്

കാഞ്ഞങ്ങാട്: കഞ്ചാവ് കടത്ത് കേസിലെ പ്രതിക്ക് രണ്ടു വർഷം കഠിനതടവും ഇരുപതിനായിരം രൂപ പിഴയും ശിക്ഷ. നായന്മാർമൂലതായൽ എൻ.എസ്. ജുനൈദിനെയാണ് (36) കോടതി ശിക്ഷിച്ചത്. 2017 ഒക്ടോബർ 30ന് രാത്രി 7.20ന് കാഞ്ഞങ്ങാട് അരിമല ഹോസ്പിറ്റലിന് സമീപം റെയിൽവേ സ്റ്റേഷൻ റോഡിൽ കൂടി ബുള്ളറ്റിൽ കഞ്ചാവുമായി സഞ്ചരിക്കവെയാണ് പ്രതി പിടിയിലായത്.

ഷോൾഡർ ബാഗിൽ മൂന്നു കിലോ കഞ്ചാവ് വിൽപനക്കായി കൊണ്ടു പോകുമ്പോഴാണ് പിടിയിലായത്. കാസർകോട് അഡീഷനൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി (രണ്ട്) ജഡ്ജ് കെ. പ്രിയയാണ് ശിക്ഷ വിധിച്ചത്.

ഹോസ്ദുർഗ് എസ്.ഐ ആയിരുന്ന എൻ.പി. രാഘവനാണ് കഞ്ചാവ് പിടികൂടിയത്. ഈ കേസിലെ മറ്റു പ്രതികളായ മുഹമ്മദ് ആഷിഖ്, അബ്ദുൽ നൗഷാദ് എന്നിവർ ജാമ്യം ലഭിച്ചതിനു ശേഷം ഒളിവിലാണ്. കേസിൽ അന്വേഷണം നടത്തി പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചത് അന്നത്തെ ഹോസ്ദുർഗ് ഇൻസ്പെക്ടറും ഇപ്പോൾ കാസർകോട് ഡിവൈ.എസ്.പിയുമായ സി. കെ. സുനിൽകുമാറാണ്. പ്രോസിക്യൂഷന് വേണ്ടി അഡീഷനൽ ഗവ. പ്ലീഡർ ജി. ചന്ദ്രമോഹൻ, അഡ്വ. ചിത്രകല എന്നിവർ ഹാജരായിരുന്നു.

കാട്ടുപന്നി ഇറച്ചി വിൽപന: ഒരാൾ അറസ്റ്റിൽ

രമേഷ്

കാഞ്ഞങ്ങാട്: വീട് കേന്ദ്രീകരിച്ച് കാട്ടുപന്നി ഇറച്ചി വിൽപന നടത്തുന്ന യുവാവിനെ വനപാലകർ അറസ്റ്റ് ചെയ്തു. കോടോം - ബേളൂർ പറക്കളായി കൊമ്പിച്ചിയടുക്കത്തെ രമേഷിനെയാണ് (36) പിടികൂടിയത്.

കാഞ്ഞങ്ങാട് റേഞ്ച് ഫോറസ്റ്റ് ഓഫിസർ കെ. രാഹുലിന്റെ നേതൃത്വത്തിലാണ് അറസ്റ്റ് ചെയ്തത്. ഇറച്ചി സൂക്ഷിച്ച റഫ്രിജറേറ്റർ, കടത്താനുപയോഗിച്ച കാർ എന്നിവ കസ്റ്റഡിയിലെടുത്തു. ഒരുകിലോ ഇറച്ചിയാണ് വീട്ടിൽനിന്ന് കിട്ടിയത്.

ഒമ്പതു കിലോ വിൽപന നടത്തിയതായി രമേഷ് വനപാലകരോട് പറഞ്ഞു. ചട്ടഞ്ചാൽ ഭാഗത്തുനിന്ന് നായാട്ട് നടത്തിയാണ് ഇറച്ചി കൊണ്ടുവന്നതെന്നാണ് വിവരം. രഹസ്യവിവരം ലഭിച്ചാണ് വനപാലകർ വീട്ടിൽ പരിശോധന നടത്തിയത്.

നേരത്തെ ഇറച്ചി കടത്തുന്നതിനിടെ കാർ സഹിതം രമേഷിനെ ബേക്കൽ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. 2022ലാണ് സംഭവം.പ്രതിയെ ഹോസ്ദുർഗ് മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു.

ബഷീർ കുന്നരിയത്തിനെ ആദരിച്ചു

മേൽപറമ്പ്: കെ.പി.സി.സി മൈനോറിറ്റി കോൺഗ്രസ് ജില്ല വൈസ് ചെയർമാൻ ബഷീർ കുന്നരിയത്തിനെ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ചെമ്മനാട് മണ്ഡലം കമ്മിറ്റി ആദരിച്ചു. കുറച്ചുമാസങ്ങളായി ആരോഗ്യപ്രശ്നങ്ങളാൽ വിശ്രമിക്കുന്ന അദ്ദേഹത്തിന്റെ വസതിയിലെത്തിയാണ് ആദരിച്ചത്. എൻ. ബാലചന്ദ്രൻ, ഗഫൂർ ഇസ്റ, ടി. കണ്ണൻ, ഇ. കുഞ്ഞിക്കണ്ണൻ നായർ, പന്നിക്കൽ രാജൻ തുടങ്ങിയവർ സംബന്ധിച്ചു.

വാർഷിക പൊതുയോഗം

കാസർകോട്: കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ) ജില്ല കമ്മിറ്റി 40ാമത് വാർഷിക പൊതുയോഗം ചേർന്നു.

കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജില്ല വ്യവസായകേന്ദ്രം ജന. മാനേജർ കെ. സജിത് കുമാർ മുഖ്യാതിഥിയായി. ജില്ല ട്രഷറർ അഷ്റഫ് മധൂർ 2023-24 വർഷത്തെ വരവുചെലവ് കണക്കും ജില്ല ജോ. സെക്രട്ടറി കെ. മുഹമ്മദലി അനുശോചനവും അവതരിപ്പിച്ചു.

കേരള സോഷ്യൽ സെക്യൂരിറ്റി ഫണ്ട് മുൻ ചെയർമാൻ കെ.ജെ. ഇമ്മാനുവൽ, കെ.എസ്.എസ്.എഫ് ട്രസ്റ്റി അംഗം കെ.ടി. സുഭാഷ് നാരായണൻ എന്നിവർ കേരള സോഷ്യൽ സെക്യൂരിറ്റി ഫണ്ട് പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ഉന്നതവിജയം നേടിയ വിദ്യാർഥികൾക്ക് സ്റ്റുഡന്റ് അവാർഡ് സമ്മാനിച്ചു. ഉൽപാദന രംഗത്തെ മികവിന് സംസ്ഥാന സർക്കാറിന്റെ അവാർഡ് ലഭിച്ച സ്കന്ദ പ്ലാസ്റ്റിക്സ് ഉടമ മുരളി കൃഷ്ണനെയും സംഘടന പ്രവർത്തനത്തിലെ മികവിന് ഉദയൻ കുണ്ടം കുഴിയെയും അനുമോദിച്ചു.

കെ. ജനാർദനൻ, കെ. അഹമ്മദലി, കെ. രവീന്ദ്രൻ, കെ.ടി. സുഭാഷ് നാരായണൻ, ബിന്ദു, പി.വി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. ജില്ല പ്രസിഡന്റ് രാജാറാം പെർള അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി കെ.വി. സുഗതൻ സ്വാഗതവും മുജീബ് അഹമ്മദ് നന്ദിയും പറഞ്ഞു.

ഭാരവാഹികൾ: രാജാറാം പെർള (പ്രസി), കെ.വി. സുഗതൻ (വൈസ് പ്രസി), മുജീബ് അഹമ്മദ് (സെക്ര), എം. പ്രസീഷ് കുമാർ (ജോ. സെക്ര), അഷ്റഫ് മധൂർ (ട്രഷ).

കെ.എസ്.എസ്.ഐ.എ ജില്ല കമ്മിറ്റി വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

കോഓപറേറ്റിവ് എംപ്ലോയീസ് ഫ്രണ്ട് ഉദുമ യൂനിറ്റ് സമ്മേളനം സംസ്ഥാന സെക്രട്ടറി കെ. ശശി ഉദ്ഘാടനം ചെയ്യുന്നു

കോഓപറേറ്റിവ് എംപ്ലോയീസ് ഫ്രണ്ട് യൂനിറ്റ് സമ്മേളനം

ഉദുമ: സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന പുതിയ നിയമങ്ങളും പരിഷ്കാരങ്ങളും സഹകരണ മേഖലയുടെയും ജീവനക്കാരുടെയും സുരക്ഷിതത്വം മുൻ നിർത്തിയായിരിക്കണമെന്ന് കോഓപറേറ്റിവ് എംപ്ലോയീസ് ഫ്രണ്ട് ഉദുമ യൂനിറ്റ് സമ്മേളനം. ഐശ്വര്യ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം സംസ്ഥാന സെക്രട്ടറി കെ. ശശി ഉദ്ഘാടനം ചെയ്തു. യൂനിറ്റ് പ്രസിഡന്റ് ഷിബു കടവം കാനം അധ്യക്ഷതവഹിച്ചു. കണ്ണൂർ യൂനിവേഴ്സിറ്റി സെനറ്റ് അംഗമായി തിരഞ്ഞെടുത്ത ടി. കെ. ഹസീബ്, യൂത്ത് കോൺഗ്രസ് ജില്ല സെക്രട്ടറിയായി തിരഞ്ഞെടുത്ത സുജിത്കുമാർ എന്നിവരെ ആദരിച്ചു. ഉന്നതവിജയം നേടിയവരെയും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെയും ഉപഹാരം നൽകി അനുമോദിച്ചു. പുതിയ അംഗങ്ങൾക്കുള്ള മെംബർഷിപ്പും വിതരണം ചെയ്തു. എം. പുരുഷോത്തമൻ നായർ, ജയൻ, ഒ.വി. രതീഷ്, അബ്ദുൽ ഖാദർ, സുകുമാരി ശ്രീധരൻ, തിലക രാജൻ, സുജിത്കുമാർ, പി. വി. നാരായണൻ, ഗോപാലകൃഷ്ണൻ, ടി.വി. നിഷിത, ഉഷാകുമാരി എന്നിവർ സംസാരിച്ചു. യൂനിറ്റ് സെക്രട്ടറി ശ്രീജിത്ത് പുതിയകണ്ടം സ്വാഗതവും യൂനിറ്റ് വൈസ് പ്രസിഡന്റ് വി. കുഞ്ഞിരാമൻ ബാര നന്ദിയും പറഞ്ഞു. സഹകരണ നിയമം ഭേദഗതി വിഷയത്തിൽ റിട്ട. അസി. രജിസ്ട്രാർ കെ. മോഹനൻ ക്ലാസെടുത്തു.

ഭാരവാഹികൾ: ഷിബു കടവങ്ങാനം (പ്രസി), ശ്രീനിവീസൻ പി. അരവത്ത്, വി. കുഞ്ഞിരാമൻ ബാര (വൈസ് പ്രസിഡന്റുമാർ), പി. ശ്രീജിത്ത് (സെക്ര), ധന്യ ബാലചന്ദ്രൻ, അബ്ദുറഹിമാൻ (ജോ. സെക്രട്ടറിമാർ), ശശീന്ദ്രൻ (ട്രഷ). വനിത ഫോറം: എം. ഉഷാകുമാരി (ചെയർ), എം. രജനി സണ്ണി (കൺ).

ചുമർ ചിത്ര പ്രദർശനം

പയ്യന്നൂർ: മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള മാടായിക്കാവ് ക്ഷേത്ര കലാ അക്കാദമിയിൽ നിന്നും 2023-24 വർഷത്തെ ചുമർചിത്രം തുടർ കോഴ്സ് പൂർത്തികരിച്ച കുട്ടികളുടെ ചുമർ ചിത്ര പ്രദർശനം 25 മുതൽ 28വരെ പയ്യന്നൂരിൽ നടക്കും.

പുസ്തകവണ്ടിക്ക് കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ലവർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നൽകിയ സ്വീകരണത്തിൽനിന്ന്

പുസ്തകവണ്ടിയെത്തി; ഇനി വായിക്കാം

കാഞ്ഞങ്ങാട്: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർഥികൾക്കായി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും എത്തിക്കാനുള്ള പത്മശ്രീ പുസ്തകവണ്ടി കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ലവർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെത്തി. പുസ്തകവണ്ടിക്ക് സ്കൂൾ അധികൃതരും കുട്ടികളും ചേർന്ന് സ്വീകരണം നൽകി. കവിയും കേന്ദ്ര സാംസ്കാരിക വകുപ്പ് സീനിയർ ഫെലോയുമായ നാലപ്പാടം പത്മനാഭൻ സ്റ്റെല്ല സിസ്റ്ററിന് പുസ്തകം കൈമാറി ബാലസാഹിത്യ പുസ്തകോത്സവം ഉദ്ഘാടനം ചെയ്തു. സീനിയർ അസി. ബിന്ദു, സവിത, റീജ എന്നിവർ സംബന്ധിച്ചു.

എസ്.എഫ്.ഐ ആഹ്ലാദ പ്രകടനം

കാഞ്ഞങ്ങാട്: ഈ അധ്യയനവർഷം ജില്ലയിലെ 55 സ്കൂളുകളിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കമ്പല്ലൂർ, ഉദുമ എന്നിവിടങ്ങളിലുൾപ്പെടെ 45 സ്കൂളുകളിൽ എസ്.എഫ്.ഐ ഉജ്ജ്വല വിജയം നേടിയതിന്റെ ആഹ്ലാദ പ്രകടനം നടത്തി. കാഞ്ഞങ്ങാട് നടന്ന പ്രകടനത്തിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽനിന്നായി നൂറുകണക്കിന് കുട്ടികൾ പങ്കെടുത്തു.

ട്രാഫിക് സർക്കിൾ മുതൽ പുതിയകോട്ട മാന്തോപ്പ് മൈതാനി വരെ ബാൻഡ് മേളത്തോടെയും വർണ വിസ്മയത്തോടെയും പ്രകടനം നടന്നു. എസ്.എഫ്.ഐ കേന്ദ്ര കമ്മിറ്റി അംഗം സറീന സലാം ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഋഷിത സി. പവിത്രൻ അധ്യക്ഷതവഹിച്ചു.

ജില്ല ജോ. സെക്രട്ടറിമാരായ കെ. അനുരാഗ്, കെ.പി. വൈഷ്ണവ്, ഏരിയ സെക്രട്ടറി അലൻ പെരിയ എന്നിവർ സംസാരിച്ചു. ജില്ല സെക്രട്ടറി കെ. പ്രണവ് സ്വാഗതം പറഞ്ഞു.

എസ്.എഫ്.ഐ കാഞ്ഞങ്ങാട് നടത്തിയ വിജയാഹ്ലാദ പ്രകടനം

ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന

കാസർകോട്: കാസർകോട് പബ്ലിക് സർവന്റ്സ് സഹകരണ സംഘം വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്തു. കെ. രാഘവൻ, കെ. വിനോദ്, രാഘവൻ ബെള്ളിപ്പാടി, വി. വിനോദ് എന്നിവർ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ കെ.വി. മനോജ് കുമാറിന് ദുരിതാശ്വാസനിധി കൈമാറി. സീനിയർ ഇൻസ്പെക്ടർ എം. മണികണ്ഠൻ, ബി. ബാബുരാജ്, ബി. അനീഷ്കുമാർ എന്നിവർ സംബന്ധിച്ചു.

അനുമോദനവും ഡയറി പ്രകാശനവും

നീലേശ്വരം: രാജാസ് ഹയർ സെക്കൻഡറി സ്കൂൾ 2024 എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ പ്രതിഭകൾക്കുള്ള അനുമോദനവും സ്കൂൾ ഡയറി പ്രകാശനവും വിജയോത്സവം സംഘടിപ്പിച്ചു. റിട്ട. ഡി.ജി.പിയും നോർത്ത് ബംഗാൾ യൂനിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ സി. എം. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ പി.ടി.എ പ്രസിഡന്റ് വി നോദ് കുമാർ അരമന അധ്യക്ഷതവഹിച്ചു. ഉദയവർമ രാജ, കെ. രഘു, ശുഭ പ്രകാശ്, പി. ഷാജി, പി. സിന്ധു, വി.ഇ. അനുരാധ, പ്രസീത എന്നിവർ സംസാരിച്ചു. സ്കൂൾ പ്രിൻസിപ്പൽ പി. വിജീഷ് സ്വാഗതവും പ്രധാനാധ്യാപിക എം.വി. രമ നന്ദിയും പറഞ്ഞു.

ഉർദു സ്നേഹസമ്പന്നമായ ഭാഷ -എൻ.എ. നെല്ലിക്കുന്ന്

കാസർഗോഡ്: ഉർദു സ്നേഹ സമ്പന്നമായ ഭാഷയാണെന്ന് എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. യു.പി, ഹൈസ്കൂൾ ഉർദു അധ്യാപകർക്കായി സംഘടിപ്പിച്ച അക്കാദമിക കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മികച്ച ബാലതാരമായി നാഷനൽ ഫിലിം അവാർഡ് കരസ്ഥമാക്കിയ ശ്രീപതിനെ എം. എൽ.എ ആദരിച്ചു. വിവിധ അക്കാദമിക സെഷനുകൾക്ക് ജില്ല സെക്രട്ടറി അമീർ കൊടിബയൽ (ഐ.ടിയും ഉർദു ഭാഷയും), മുൻ കോർ എസ്.ആർ. ജി അംഗം അസീസ് ഉദുമ (ഉർദു കാലിഗ്രഫി), കോംപ്ലക്സ് സെക്രട്ടറി റഹ്മാൻ ഷേണി (ക്ലാസ് റൂം ആക്ടിവിറ്റി) എന്നിവർ നേതൃത്വം നൽകി.

എം.പി. സലീം നായന്മാർമൂല, ഷിന്റോ തോമസ് ചിറ്റാരിക്കൽ, ഹസീന മംഗൽപാടി, ബാലകൃഷ്ണ മിയാപ്പദവ് എന്നിവർ സംസാരിച്ചു.

60 ലിറ്റർ വാഷ് പിടികൂടി

ബദിയടുക്ക: അറുപത് ലിറ്റർ വാഷ് പിടിച്ചെടുത്തു. ബദിയടുക്ക എക്സൈസ് റേഞ്ച് പ്രിവന്റീവ് ഓഫിസർ എം.കെ. രവീന്ദ്രനും സംഘവും നടത്തിയ റെയ്ഡിലാണ് ആദൂരിലെ പെരിയടുക്കയിൽ വെച്ച് 60 ലിറ്റർ വാഷ് കണ്ടെത്തിയത്. കേസെടുത്തെങ്കിലും ആരെയും കണ്ടെത്താൻ കഴിഞ്ഞില്ല. എസ്. ജേക്കബ്, എൽ. മോഹനകുമാർ, ജനാർദന, വിനോദ്, അശ്വതി എന്നിവരുമുണ്ടായിരുന്നു.

ബദിയടുക്ക എക്സൈസ് റേഞ്ചിന്റെ റെയ്ഡിൽ കണ്ടെത്തിയ വാഷ് നശിപ്പിക്കുന്നു

വിപണി

സ്വർണത്തിനും വെള്ളിക്കും വില കുറഞ്ഞു

കോഴിക്കോട്: സ്വർണത്തിനു 160 രൂപയും വെള്ളിക്ക് 200 രൂപയും കുറഞ്ഞു. തങ്കത്തിന് മാറ്റമില്ല.

സ്വർണം:	53280
തങ്കം:	72750
വെള്ളി:	86800
വെളിച്ചെണ്ണ	17600
കൊപ്ര എടുത്തപടി	11250
കൊപ്ര റാസ്	10850
കൊപ്ര ദിൽപസന്ത്	11350
കൊപ്ര രാജപ്പൂർ	13500
കൊപ്ര ഉണ്ട	11650
പിണ്ണാക്ക് റോട്ടറി	2900
പിണ്ണാക്ക് എക്സ്പല്ലർ	2400
നാളികേരം നാടൻ	
വടകര കൊട്ടത്തേങ്ങ	9500 10000
ചെറിയ കൊട്ടത്തേങ്ങ	10500 11000
വലിയ കൊട്ടത്തേങ്ങ	12000 13000
ചുടി കൊയിലാണ്ടി	1 9100
ചുടി കൊയിലാണ്ടി	2 8300
ചുടി ബേപ്പൂർ	1 6500
ചുടി ബേപ്പൂർ	2 6000
കുരുമുളക് പുതിയത്	
നാടൻ	62100
ചേട്ടൻ	63600
വയനാടൻ	64600
ചുക്ക്	14000 17000
മഞ്ഞൾ	8000
അടയ്ക്ക	31300
ഏലം പച്ച	1050 1400
റബ്ബർ ആർ.എസ്.എസ്.4	23100
റബ്ബർ ആർ.എസ്.എസ് .5	22000
റബ്ബർ ഒട്ടുപാൽ	12000
ഉണക്ക കപ്പ	2570
ആനമാർക്ക്	5700
ആദിശക്തി	4350
പഞ്ചസാര	4080
വെളിച്ചെണ്ണ (ബോക്സ്)	1600
മൈദ ചാക്ക്	1950
മുളക്	40000
പച്ചരി	2970
എള്ള് പിണ്ണാക്ക്	1700
അടക്ക പുതിയത്	30500-38500
പഴയത്	37000-46500
കുരുമുളക്	52000-62000
കൊപ്ര	7500-8500
തേങ്ങ പൊതിച്ചത്	2000-3150

റബർ ബോർഡ് വില

കോട്ടയം	
ആർ.എസ്.എസ്–4	23500
ആർ.എസ്.എസ്–5	23100
ഐ.എസ്.എൻ.ആർ-20	21500
ലാറ്റക്സ് 60% drc)	15110

കാസർകോട്

അരി എ.പി.എം	4350
മഹാലക്ഷ്മി	4350
സൂപ്പർഫൈൻ	6400

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വിപണി വിവരങ്ങൾ അറിയാൻ

കേരള വാട്ടർ അതോറിട്ടി/ഇലട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: WRD/KWA-CE(SR)/TR/14981/2022_26_17_16/1. . ജല ജീവൻ മിഷൻ - പാമ്പാടി പഞ്ചായത്ത് -ബാക്കി പി. ഡബ്ല്യൂ ഡി റോഡ് പുനരുദ്ധാരണ പ്രവർത്തികൾ -സംബന്ധിച്ച നിരതദ്രവ്യം: Rs. 50000, ടെണ്ടർ ഫീസ്: Rs. 2760, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 30-08-2024 04:30 pm, ഫോൺ: 04812566444, വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in, www.etenders.kerala.gov.in

KWA-JB-GL-6-492-2024-25

എക്സിക്യൂ